# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1484** **03.05.2017-ൽ മറുപടിയ്ക്ക്**

## ലൈറ്റ് മെട്രോ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.എം. വിൻസെന്റ്: | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ)<br><br>(ബി) | തലസ്ഥാനത്ത് ലൈറ്റ് മെട്രോ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;<br><br>ഇതിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് ജി.ഒ.(എം.എസ്) നം.74/2015/പൊ.മ.വ., തീയതി 11.09.2015 പ്രകാരം 6728 കോടി രൂപയ്ക്ക് ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി കൊച്ചി - മെട്രോ മാതൃകയിൽ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ-ഉം മറ്റു വിശദാംശങ്ങളും ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു Special Purpose Vehicle രൂപീകരിച്ചു. |

| | | | |
|---|---|---|---|
| | | | കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾ ക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി-യെ നിയമിച്ചു കൊണ്ടുള്ള കരാർ 20.01.2016-ന് ഒപ്പു വയ്ക്കുകയും ചെയ്തു. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 19.54.716 ഏക്കർ സർക്കാർ ഭൂമി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകി ഉത്തരവായിട്ടുണ്ട്.<br>08.09.2016-ലെ ജി.ഒ.(എം.എസ്) നം.67/2016/പൊ.മ.വ. പ്രകാരം ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾക്കു വേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകി. തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. തുടർന്ന് സ്ഥലമെടുപ്പിനുള്ള അപേക്ഷയും, വിശദാംശങ്ങളും തിരുവനന്തപുരം, കോഴിക്കോട് ജില്ലാ കളക്ടർമാർക്ക് കെ.ആർ.ടി.എൽ സമർപ്പിച്ചു. പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.ഇതു കൂടാതെ, തിരുവനന്തപുരം ലൈറ്റ് മേട്രോയുടെ മറ്റൊരു പ്രധാന പ്രാരംഭപ്രവർത്തനമായ കഴക്കൂട്ടം- കേശവദാസപുരം പാത വികസനത്തിനും 16.01.2017-ലെ ജി.ഒ.(ആർ.റ്റി) 79/2017/പൊ.മ.വ.പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആരെയാണ് ഈ പദ്ധതിയുടെ കൺസൾട്ടൻസിയായി നിയോഗിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (സി) | ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി-യെ നിയമിച്ചിട്ടുണ്ട് |
| (ഡി) | ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | 08.09.2016-ലെ ജി.ഒ.(എം.എസ്) നം.67/2016/പൊ.മ.വ. പ്രകാരം ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾക്കു വേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകി. തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. ജില്ലാ കളക്ടർമാർ പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ, തിരുവനന്തപുരം ലൈറ്റ് മേട്രോയുടെ മറ്റൊരു പ്രധാന പ്രാരംഭപ്രവർത്തനമായ കഴക്കൂട്ടം - കേശവദാസപുരം പാതവികസനത്തിനും 16.01.2017-ലെ ജി.ഒ.(ആർ.റ്റി)79/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ